**ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ**
**അഡീഷണൽ ഡയറക്ടർ(എ&റ്റി)യുടെ നടപടിക്രമം**

---

വിഷയം:- ആവഡ-ജീവനക്കാര്യം-ശ്രീമതി.സുജാത.എ.എൻ,സീനിയർ നഴ്സിംഗ് ഓഫീസർ(ഹെഡ് നഴ്സ്)ഫയൽ ചെയ്ത O.A 1822/2016-ന്മേൽ 03/04/2024-ലെ ബഹു.അഡ്മിന്സ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ വിധിന്യായം അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.ഉത്തരവ് നം.ഇ.എസ്3-73956/06/ആ.വ.ഡ,തീയതി : 25/10/2007
2.ഉത്തരവ് നം.ഇ.എസ്3-76025/2010/ആ.വ.ഡ,തീയതി : 03/01/2013
3.ഉത്തരവ് നം.ഇ.എസ്3-31477/2014/ആ.വ.ഡ,തീയതി : 28/02/2015
4.സർക്കാർ കത്ത് നം.C3/324/2024/H&FWD, തീയതി : 06/11/2024
5.ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ O.A (EKM)1822/2016-ന്മേൽ 03/04/2024-ലെ വിധിന്യായം.

**ഉത്തരവ് നം: ഇ.എസ്3-7217/2023/ആ.വ.ഡ,തീയതി:** 21-11-2024

---

ശ്രീമതി.സുജാത.എ.എൻ മലപ്പുറം പി.എസ്.സി-യുടെ 26/03/1998-ലെ നഴ്സിംഗ് ഓഫീസർ(സ്റ്റാഫ് നഴ്സ് ഗ്രേഡ് 2) തസ്തികയിൽ ജോലിയിൽ പ്രവേശിച്ചു. പരാമർശം 1-ലെ 1990-2002 കാലയളവിലെ നഴ്സിംഗ് ഓഫീസർ(സ്റ്റാഫ് നഴ്സ് ഗ്രേഡ് 2) തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ മലപ്പുറം പി.എസ്.സി-യുടെ 26/03/1998-ലെ ശിപാർശ തീയതി പരിഗണിച്ച് **1958**-ാം സ്ഥാനം നൽകി ഉൾപ്പെടുത്തുകയും ചെയ്തിരുന്നു. പിന്നീട് അന്തർജില്ലാസ്ഥലംമാറ്റം മുഖേന ടിയാൾ കോട്ടയം ജില്ലയിൽ 23/07/2007-ന് ജോലിയിൽ പ്രവേശിച്ചു.

ദ്വിഭരണസംവിധാനം റദ്ദാക്കിയതിന്റെ ഭാഗമായി ടിയാൾ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലേയ്ക്ക് ഓപ്ഷൻ നൽകി ജോലിയിൽ പ്രവേശിയ്ക്കുകയും മേൽപ്പറഞ്ഞ നഴ്സിംഗ് ഓഫീസർ(സ്റ്റാഫ് നഴ്സ് ഗ്രേഡ് 2) തസ്തികയിലെ സ്ഥാനം പരിഗണിച്ച് നഴ്സിംഗ് ഓഫീസർ ഗ്രേഡ് 1 ആയും തുടർന്ന് സീനിയർ നഴ്സിംഗ് ഓഫീസറായും സ്ഥാനക്കയറ്റം ലഭിച്ചിരുന്നു. നഴ്സിംഗ് ഓഫീസർ(സ്റ്റാഫ് നഴ്സ് ഗ്രേഡ് 2) തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ ടിയാൾക്ക് നൽകിയിരുന്ന സ്ഥാനം തെറ്റാണ് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്തർജില്ലാ സ്ഥലംമാറ്റം മുഖേന ടിയാൾ ജോലിയിൽ പ്രവേശിച്ച തീയതിയായ 23/07/2007 പരിഗണിച്ച് പരാമർശം 1 പ്രകാരമുള്ള നഴ്സിംഗ് ഓഫീസർ(സ്റ്റാഫ് നഴ്സ് ഗ്രേഡ് 2) തസ്തികയിലെ സീനിയോരിറ്റി പട്ടികയിലെ സ്ഥാനം റദ്ദ് ചെയ്തും പരാമർശം 2 പ്രകാരമുള്ള 2003-2010 കാലയളവിലെ നഴ്സിംഗ് ഓഫീസർ(സ്റ്റാഫ് നഴ്സ് ഗ്രേഡ് 2) തസ്തികയിലെ സീനിയോരിറ്റി പട്ടികയിൽ **2565 A** സ്ഥാനം നൽകി പുനഃക്രമീകരിച്ചും പരാമർശം 3 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ഇതിനെത്തുടർന്ന് ടിയാളെ നഴ്സിംഗ് ഓഫീസർ (സ്റ്റാഫ് നഴ്സ് ഗ്രേഡ് 2)

ആയി റിവേർട്ട് ചെയ്തത് മെഡിക്കൽ വിദ്യാഭ്യാസവകുപ്പ് നടപടി കൈക്കൊണ്ടിരുന്നു. അതിനെതിരെ അപേക്ഷക ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ O.A (EKM)No.1822/2016 ഫയൽ ചെയ്തിരുന്നു.

പരാമർശം 4-ലെ സർക്കാർ കത്തിലെ നിർദേശാനുസരണം, ശ്രീമതി.സുജാത.എ.എൻ-ന്റെ സീനിയോരിറ്റി പുനഃനിർണയിച്ചതുമായി ബന്ധപ്പെട്ട പരാമർശം 3-ലെ ഉത്തരവ് റദ്ദാക്കിക്കൊണ്ടും നഴ്സിംഗ് ഓഫീസർ/സ്റ്റാഫ് നഴ്സ് ഗ്രേഡ് 2 തസ്തികയിലെ 1958-ാം സ്ഥാനം പുനഃസ്ഥാപിച്ചുകൊണ്ടും പരാമർശം 5-ലെ വിധിന്യായം അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി ഉത്തരവ് പ്രകാരമുള്ള ആനുകൂല്യത്തിന് അപേക്ഷകയായ ശ്രീമതി.സുജാത.എ.എൻ മാത്രമായിരിക്കും അർഹയെന്നും ഇതിനാൽ വ്യക്തമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

Signed by Jayasree V
Date: 21-11-2024 12:21:32

**ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ (എ&റ്റി)**

സ്വീകർത്താവ്:-

1.ശ്രീമതി.സുജാത.എ.എൻ,സീനിയർ നഴ്സിംഗ് ഓഫീസർ,ഗവ.മെഡിക്കൽ കോളേജ്,കോട്ടയം(ഡി.എം.ഇ മുഖേന)

പകർപ്പ്:-

1. അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖ കത്തിനോടൊപ്പം)
2. അഡീഷണൽ ചീഫ് സെക്രട്ടറി,ആരോഗ്യ കുടുംബക്ഷേമ(സി) വകുപ്പ്(ആമുഖ കത്തിനോടൊപ്പം)
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ(ആമുഖ കത്തിനോടൊപ്പം)
3. സൂപ്രണ്ട്,ഗവ.മെഡിക്കൽ കോളേജ്,കോട്ടയം(ഡി.എം.ഇ മുഖേന)
4. സീനിയർ സൂപ്രണ്ട്,ഇ.ഇ സെക്ഷൻ
5. ഫയൽ/കരുതൽ ഫയൽ